**Mr. C. Matthai.**—It is not made use of. The land is necessary for a building. It was only a preliminary step.

**President.**—That is not a question to be considered at the question time.

## The grant to the Kariyannur Panchayat for the maintenance of Munnuttankuzhi.

409. മിസ്റ്റർ കെ. ശങ്കരൻനമ്പൂതിരി.—(a) കരിയന്നൂർ പഞ്ചായത്തിന്റെ കീഴിലുള്ള മുന്നൂറാങ്കുഴിയുടെ സംരക്ഷണക്കായി കൊല്ലത്തിൽ ടി പഞ്ചായത്തുകാർ ആവശ്യപ്പെട്ട സംഖ്യ എത്രയാണെന്നും അതിനു് അനുവദിച്ച സംഖ്യ എത്രയാണെന്നും പഞ്ചായത്തുകാർ ചിലവു ചെയ്ത സംഖ്യ എത്രയാണെന്നും പറയുവാൻ ഗവർമ്മേണ്ടിനു് ദയവുണ്ടാകുമോ?

(b) ഈ ചിറയുടെ സംരക്ഷണക്കുറവു നിമിത്തം അടുത്ത പ്രദേശങ്ങളിൽ വലിയ ഉണക്ക ബാധിച്ചിട്ടുള്ള സംഗതി ഗവർമ്മേണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ ഐ. രാമൻമേനോൻ.—(a) ഏതു കൊല്ലത്തെ വിവരമാണു് ആവശ്യപ്പെടുന്നതെന്നു് ചോദ്യത്തിൽ നിന്നു വ്യക്തമാകുന്നില്ല.

(b) ഇല്ല.

## The grant to Panjal Panchayat for Sanitation and Conservancy

410. മിസ്റ്റർ കെ. ശങ്കരൻനമ്പൂതിരി.—(a) കഴിഞ്ഞ പത്തു കൊല്ലങ്ങൾക്കിടയിൽ Sanitation and Conservancy വകയ്ക്കായി പാഞ്ഞാൾ ഗ്രൂപ്പ് പഞ്ചായത്തിൽ നിന്നു് എത്ര സംഖ്യയാണു് ഓരോ കൊല്ലവും ആവശ്യപ്പെട്ടിരുന്നതെന്നും അതിൽ എത്ര സംഖ്യയാണു് അനുവദിച്ചിട്ടുള്ളതെന്നും കാണിക്കുന്ന ഒരു കണക്ക് ദയവുചെയ്തു് മേശപ്പുറത്തു വെക്കാമോ?

(b) കഴിഞ്ഞ പത്തുകൊല്ലങ്ങളിൽ Sanitation and Conservancy വകയ്ക്കു് പാഞ്ഞാൾ ഗ്രൂപ്പ് പഞ്ചായത്തിലേക്കു് കൊടുത്തിട്ടുള്ള സംഖ്യ ആ പഞ്ചായത്തിൽപ്പെട്ട ഏതെല്ലാം വില്ലേജുകളിലാണു് ചിലവുചെയ്തിട്ടുള്ളതെന്നും ഓരോ വില്ലേജിലും എത്ര സംഖ്യയാണെന്നും കാണിക്കുന്ന ഒരു പട്ടിക സഭയിൽ വെക്കുവാൻ ഗവർമ്മേണ്ടിനു് ദയവുണ്ടാകുമോ?

മിസ്റ്റർ ഐ. രാമൻമേനോൻ.—(a) ഫർണ്ണസ്-ൽ അരി വിളക്കുകം വാങ്ങുവാനും അതുകം കത്തിക്കുവാനും ക്രൂഡിനു് കെ. യും ഫർണസിനു് മുതൽ ടി വിളക്കുകം കത്തിക്കുവാൻ മാസം പ്രതി കെ. വീണ്ടും വീതവും അനുവദിച്ചിട്ടുണ്ടു്. ഫർണസ് കന്നി മുതൽ ശുചീകരണപ്രവൃത്തിക്കു് വ കു. ശമ്പളത്തിൽ ഒരാളെ നിയമിച്ചു. ഇതുകൂടാതെ യാതൊരു സംഖ്യയും ആവശ്യപ്പെടുകയൊ അനുവദിക്കുകയൊ ചെയ്തിട്ടില്ല.

(b) പെരുമ്പുത്തി വില്ലേജിൽ.

LIBRARY ARCHIVES Kerala Legislative Assembly